നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട്, ആലപ്പുഴ, ജില്ലകളിൽ വെള്ളം പരിശോധനക്കുള്ള കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാനുപയോഗിക്കുക, കിണറുകൾ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ശുദ്ധീകരിക്കുക, തുറസ്സായ സ്ഥലങ്ങളിൽ മലവിസർജ്ജനം ചെയ്യാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുവാൻ ജനങ്ങളെ ബോധവൽക്കരിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ജില്ലകളിൽ ടാസ്ക് ഫോഴ്സുകളുടെ സേവനം എത്തിക്കുവാനും ആവശ്യം വേണ്ട ജീവൻരക്ഷ മരുന്നുകളും ഒ.ആർ.എസ്. പായ്ക്കറ്റുകൾ, ഐ.വി.ഫ്ളൂയിഡ്, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവയുടെ കരുതൽ ശേഖരവും ഉറപ്പുവരുത്തുവാനും എല്ലാ ജില്ലാമെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റിലീഫ് ക്യാംപുകളിൽ വൈദ്യ ശുശ്രൂഷ നൽകുവാൻ വേണ്ട ഡോക്ടർമാരെ നിയോഗിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകളുടെ കമ്മൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴിയും മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന സംസ്ഥാന പി.ഇ.ഐ. യിലെയും, റീജിയണൽ സെല്ലുകൾ വഴിയും കാലവർഷ സാംക്രമിക രോഗങ്ങൾ തടയുവാനുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓരോ സാംക്രമിക രോഗത്തിനും വേണ്ട പ്രോട്ടോക്കാൾ തയ്യാറാക്കി നൽകിവരുന്നു. ആവശ്യമായ മരുന്നുകൾ, ഐ.വി.സെറ്റുകൾ, ഐ.വി. ഫ്ളൂയിഡ്, ഒ.ആർ.എസ്. പായ്ക്കറ്റുകൾ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവ ആവശ്യമായ അളവിൽ സംഭരിച്ചിട്ടുണ്ട്. ഇതുകൂടാതെ ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ പൊതുജനങ്ങൾക്കായി നടത്തിവരുന്നു.

പൊതുമാപ്പു ലഭിച്ച പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

28 (*178)ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ പൊതുമാപ്പു പ്രഖ്യാപിച്ചതുമൂലം നാട്ടിലേയ്ക്ക് മടങ്ങേണ്ട പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികൾക്ക് കുറഞ്ഞ നിരക്കിൽ വിമാന ടിക്കറ്റുകൾ നൽകാനും പാസ്പോർട്ട് നഷ്ടപ്പെട്ടവർക്ക് ഔട്ട് പാസ് നൽകി സഹായിക്കാനും നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമാപ്പിനെത്തുടർന്ന് നാട്ടിലേക്ക് മടങ്ങേണ്ട എത്ര മലയാളികൾ സൗദി അറേബ്യയിലുണ്ടെന്ന് അറിവുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പ്രവാസി മലയാളികളെ സഹായിക്കാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇത് സംബന്ധിച്ച വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുമാപ്പ് പ്രഖ്യാപിച്ചതുമൂലം നാട്ടിലേക്ക് മടങ്ങേണ്ട പ്രവാസി മലയാളികളുടെ സുരക്ഷിതവും സുഗമവുമായ യാത്രയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ റിയാദിലെ ഇന്ത്യൻ എംബസി അധികൃതർ, ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് ഉദ്യോഗസ്ഥർ, വിദേശകാര്യ മന്ത്രാലയത്തിലെ ഓഫീസർമാർ എന്നിവർക്ക് വേണ്ട നിർദ്ദേശം നൽകണമെന്ന് മുഖ്യ മന്ത്രി, കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീ. ജസ്വന്ത് സിംഗിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഇതിന്റെ കണക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) പ്രവാസി കേരളീയരുടെയും മറുനാടൻ മലയാളികളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി രൂപം കൊടുത്ത പ്രവാസി കേരളീയകാര്യവകുപ്പ് 1996 ഡിസംബർ ആറിന് നിലവിൽ വന്നു. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന കേരളീയർക്കായി പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതിയെന്ന അപകട ഇൻഷ്വറൻസ് പദ്ധതി 1997 മേയിൽ ആരംഭിച്ചു. ഈ പദ്ധതി വിപുലീകരിച്ച് അവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സാ ചെലവ് നേരിടുന്നതിനായി പ്രവാസി സുരക്ഷാ കുടുംബ ആരോഗ്യ എന്ന പദ്ധതി നടപ്പിലാക്കി.

പ്രവാസി കേരളീയർക്കായി ക്ഷേമ പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നോർക്കയുടെ ഫീൽഡ് ഏജൻസിയായ നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഏജൻസി 1998 ജൂൺ രണ്ടിന് നിലവിൽ വന്നു.

നോർക്ക വകുപ്പിൽ വിദേശ കേരളീയരിൽ നിന്ന് ലഭിക്കുന്ന നിവേദനങ്ങളിന്മേൽ ബന്ധപ്പെട്ട ഇന്ത്യൻ എംബസികൾ, കോൺസുലേറ്റുകൾ, വിദേശകാര്യ വകുപ്പ്, എമിഗ്രേഷൻ ഓഫീസുകൾ, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ എന്നിവ വഴി പരിഹാരം കണ്ടുവരുന്നു.

വിദേശത്ത് കാണാതാകുന്നവരെ കണ്ടു പിടിക്കുക, അവിടെ മരണമടയുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുവാൻ സഹായിക്കുക, റിക്രൂട്ട്മെന്റ് തട്ടിപ്പിനിരയായി തൊഴിൽരഹിതരായും, നിർദ്ദിഷ്ട വേതനമോ, താമസ സൗകര്യമോ ഇല്ലാതെയും അലയുന്നവരെ നാട്ടിലെത്തിക്കാനും സുരക്ഷ ഉറപ്പാക്കാനും സഹായിക്കുക എന്നീ പ്രവർത്തനങ്ങൾ നോർക്ക വകുപ്പിൽ നടപ്പാക്കിവരുന്നു.

വിദേശ കേരളീയർക്ക് പി.എസ്.സി. വഴി ഉദ്യോഗം ലഭിച്ചാൽ ജോലിയിൽ പ്രവേശിക്കുന്നതിന് ആറുമാസം വരെ സമയം അനുവദിച്ചു. വിദേശ കേരളീയരുടെ വിവരങ്ങൾ 2000-ാം ആണ്ടിൽ പുറപ്പെടുവിക്കുന്ന റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമായി.

കേരളത്തിലെ അടിസ്ഥാനമേഖലയുടെ വികസനത്തിന് പ്രവാസി കേരളീയർക്ക് പ്രോത്സാഹനം നൽകാനായി എൻ.ആർ.കെ. ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട് രൂപീകരിച്ചു.

വിദേശത്ത് മരണമടയുന്ന നിർദ്ധനരായ കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനും അപകടത്തിൽപ്പെട്ട് നാട്ടിൽ ചികിത്സയ്ക്കെത്താൻ കഴിയാതെ വിഷമിക്കുന്നവർക്കും റിക്രൂട്ട്മെന്റ് തട്ടിപ്പിനിരയായ കേരളീയ സ്ത്രീകളെ നാട്ടിലെത്തിക്കുന്നതിനുമായി 'എമർജൻസി റിപാട്രിയേഷൻ ഫണ്ട്' ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly